# കേരള കാർഷിക സർവകലാശാല

## നാളികേര ഗവേഷണകേന്ദ്രം, ബാലരാമപുരം

## കട്ടച്ചൽക്കുഴി, ബാലരാമപുരം

നമ്പർ ബി : 377/2016

തീയതി : 14.03.2023

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവകലാശാലക്ക് കീഴിൽ ബാലരാമപുരം കട്ടച്ചൽക്കുഴി ഭാഗത്ത്, പ്രവർത്തിക്കുന്ന നാളികേര ഗവേഷണ കേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് യൂണിറ്റിൽ 2023-24 സാമ്പത്തിക വർഷത്തിൽ (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവി ലേക്ക്) കറവയുള്ള പശുക്കളെ കറക്കുന്നതിന് കരാറടിസ്ഥാനത്തിൽ ജോലി ചെയ്യാൻ താത്പര്യ മുള്ള വ്യക്തികളിൽ നിന്നും താഴെ പറയുന്ന നിബന്ധകൾക്ക് അനുസൃതമായി മത്സരസ്വഭാവ ത്തിലുള്ള സീൽ ചെയ്ത കട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

നിബന്ധനകൾ :-

1) ക്വട്ടേഷനിൽ പശു ഒന്നിന് ഒരു മാസത്തേയ്ക്കുള്ള കറവക്കൂലി എത്രയാണെന്ന് (രാവിലെ 5.30 മണിയ്ക്കും ഉച്ചതിരിഞ്ഞ് 2.30 മണിയ്ക്കും) വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

2) തൊഴിലാളി മേൽ ജോലിയിൽ പ്രവർത്തിപരിചയം, ഉത്തരവാദിത്വബോധം, സമയക്രമം എന്നിവ കൃത്യമായി പാലിക്കേണ്ടതാണ്.

3) പശുക്കളുടെ അകിടുകൾ വൃത്തിയാക്കിയും, അകിടുവീക്കം പോലുള്ള അസുഖങ്ങൾ വരാതെ അവസാന സ്ലിപ്പും തീർത്ത് കറക്കുന്നതിന് കറവക്കാരൻ ശ്രദ്ധിക്കേണ്ടതാണ്.

4) സാധാരണ പ്രവർത്തന സമയം ഞായറാഴ്ച ഉൾപ്പെടെ വർഷത്തിൽ എല്ലാ ദിവസവും രാവിലെ 5.30 മണിയ്ക്കും ഉച്ചതിരിഞ്ഞ് 2.30 മണിയ്ക്കും ആയിരിക്കും.

5) നിയോഗിക്കപ്പെടുന്ന വ്യക്തി ഏതെങ്കിലും ദിവസം ഹാജരാകാൻ കഴിയാത്ത സാഹചര്യ ത്തിൽ പകരം ആളെ നിയോഗിക്കേണ്ടതും ഈ വിവരം ഉത്തരവാദിത്വപ്പെട്ടവരെ അറിയി ക്കേണ്ടതാണ്.

6) സ്ഥാപനത്തിന്റെ അന്തസ്സിന് കോട്ടം വരാത്ത വിധവും മറ്റു പരാതികൾക്ക് ഇട നൽകാതെയും പ്രവൃത്തികൾ നിർവഹിക്കേണ്ടതാണ്.

7) ജോലിക്ക് നിയോഗിക്കപ്പെടുന്നവരുടെ അശ്രദ്ധ മൂലമോ വീഴ്ച മൂലമോ സർവകലാശാലയ്ക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് തുല്യമായ തുക ടിയാനിൽ നിന്നും ഈടാക്കുന്നതാണ്.

8) ഈ സേവനത്തിന് നിശ്ചയിക്കപ്പെട്ട പ്രതിഫലം സ്വീകരിക്കാനല്ലാതെ ജോലിക്ക് നിയോഗി ക്കപ്പെട്ട വ്യക്തികൾക്ക് സർവകലാശാലയിൽ നിന്നും യാതൊരുവിധ ആനുകൂല്യങ്ങൾക്കോ അവകാശങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.

9) ഈ കേന്ദ്രത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ആയിരിക്കണം പ്രവർത്തിക്കേണ്ടത്.

10) കരാർ പ്രകാരം കരാറുകാരനും കരാറുകാരന്റെ പ്രതിനിധിയായി ജോലിക്ക് നിയോഗിക്കപ്പെട്ടുന്നവരും അതിനു കരാർ പ്രകാരം ലഭിക്കേണ്ട പണിക്കൂലി മാത്രം കരാറുകാരന് നൽകുന്നതും പ്രസ്തുത കരാറുകാരനോ ജോലിക്കാരോ ഈ കേന്ദ്രത്തിലെ തൊഴിലാളിയായി പരിഗണിക്കപ്പെടുകയില്ല.

11) കരാറുകാരന്റെ കരാർ റദ്ദു ചെയ്യുന്നതിനും നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ സേവനം തൃപ്തികരമല്ലെങ്കിൽ ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള പൂർണ്ണാധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമായിരിക്കും. തൊഴിലാളിയെ മാറ്റുന്ന സാഹചര്യത്തിൽ കരാറുകാരൻ പകരം ആളെ ജോലിക്ക് നിയോഗിക്കേണ്ടതാണ്.

12) കരാർ ഏറ്റെടുത്തതിന് ശേഷം കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കരാറിൽ തുടരാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഒരു മാസത്തിന് മുൻപ് തന്നെ സ്ഥാപനത്തെ അറിയിക്കുകയും ക്വട്ടേഷൻ മുഖേന പുതിയ കരാറുകാരനെ നിയോഗിക്കുന്നതു വരെ പകരം ആളെ ഏർപ്പെടുത്തേണ്ടതുമാണ്.

13) കാരണം കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വയ്ക്കാനും നിരസിക്കാനും റദ്ദ് ചെയ്യാനും അംഗീകരിക്കാനുമുള്ള പൂർണ അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

14) കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ തരം നികുതികളും അതത് നിരക്കുകൾക്ക് അനുസരിച്ച് ഈടാക്കുന്നതാണ്.

15) സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

18) സർവ്വകലാശാലയുടെ എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും ഈ ക്വട്ടേഷനു ബാധകമായിരിക്കും.

<u>ജോലിയെ സംബന്ധിക്കുന്ന വിവരങ്ങൾ</u>

1) കറവ സമയം : രാവിലെ 5.30 മുതൽ വൈകുന്നേരം 2.30 മുതൽ

2) കറവയ്ക്ക് മുമ്പ് അകിടുകൾ പൊട്ടാസ്യം പെർമാംഗനേറ്റ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കുക.

3) കറവക്കാരൻ വ്യക്തി ശുചിത്വം പാലിച്ചിരിക്കണം.

4) അകിടുവീക്കം വരാതെ പാൽ തീർത്തും കറന്നിരിക്കണം.

5) പശുക്കൾക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ബോദ്ധ്യപ്പെട്ടാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കണം.

6) ക്വട്ടേഷൻ എടുത്ത ആൾക്ക് ഏതെങ്കിലും കാരണവശാൽ വരാൻ സാധിച്ചില്ലെങ്കിൽ പകരം കറവക്കാരനെ ക്രമീകരിക്കണം. ഈ വിവരം ഫാം ചാർജ്ജിലുള്ള ഉദ്യോഗസ്ഥനെ അറിയിക്കണം.

7) പാൽ വിതരണം ഉള്ളതിനാൽ കറവ സമയത്തിൽ യാതൊരു കാരണവശാലും മാറ്റം വരുത്തുവാൻ പാടുള്ളതല്ല. ഫാം ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്ത് 'ലൈവ് സ്റ്റോക്കിലെ കറവയുള്ള പശുക്കളെ കറക്കുന്നതിനുള്ള ജോലി ചെയ്യുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷനുകൾ 25.03.2023 തീയതി 3.00 മണിക്ക് മുൻപായി 'പ്രൊഫസർ & ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി, ബാലരാമപുരം' എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 3.30-ന് സന്നിഹിതരായിരിക്കുന്ന ക്വട്ടേഷണർമാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള, മേൽ വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള ക്വട്ടേഷൻ യുക്തമെന്ന് തോന്നുന്ന പക്ഷം അംഗീകരിക്കുന്നതുമായിരിക്കും.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്

<u>പകർപ്പ് :-</u>

1. കെ.എ.യു. വെബ്സൈറ്റ്
2. അസിസ്റ്റന്റ് പ്രൊഫസർ (വെറ്റി) ഇൻ-ചാർജ്ജ്, നാളികേര ഗവേഷണകേന്ദ്രം
3. അസിസ്റ്റന്റ് പ്രൊഫസർ (അഗ്രോണമി) & ഫാം ഇൻ - ചാർജ്ജ്, നാളികേര ഗവേഷണകേന്ദ്രം
4. ഫാം സൂപ്പർവൈസർ ഗ്രേഡ്-II (വെറ്റി)
5. ഫാം മാനേജർ ഗ്രേഡ്-I (അഗ്രി)
6. കോട്ടുകാൽ /വെങ്ങാനൂർ/ബാലരാമപുരം/വിഴിഞ്ഞം വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
7. കോട്ടുകാൽ/വെങ്ങാനൂർ/ബാലരാമപുരം/വിഴിഞ്ഞം പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
8. നോട്ടീസ് ബോർഡ്
9. കരുതൽ ശേഖരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

ADMINISTRATIVE ASSISTANT
COCONUT RESEARCH STATION
KERALA AGRICULTURAL UNIVERSITY
KATTACHALKUZHI P.O. BALARAMAPURAM
THIRUVANANTHAPURAM - 695 501